(ബി) ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ് കഴിഞ്ഞവർക്ക് പ്ലസ് ടു സ്കൂളിൽ ലൈബ്രേറിയനായി നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചില പ്ലസ്ടു സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക നിലവിലുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

59 (2437) പുതുതായി അനുവദിച്ച പ്ലസ് ടു കോഴ്സുകൾ

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എത്ര വിദ്യാലയങ്ങളിൽ പ്ലസ് ടു കോഴ്സ് അനുവദിച്ചു; ഇതിൽ സർക്കാർ വിദ്യാലയങ്ങൾ എത്ര; സ്വകാര്യ വിദ്യാലയങ്ങൾ എത്ര എന്ന് വ്യക്തമാക്കുമോ; എവിടെയൊക്കെയാണ് അനുവദിച്ചത്;

(ബി) ഓരോ സ്ഥലത്തും അനുവദിച്ച കോഴ്സുകളും അതിൽ പ്രവേശനം നൽകുന്ന വിദ്യാർത്ഥികളുടെ എണ്ണവും വ്യക്തമാക്കുമോ;

(സി) എറണാകുളം ജില്ലയിൽ എത്ര സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് ഉണ്ട്; ഇവിടെയെല്ലാം കൂടി എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം കിട്ടും; പുതുതായി ബാച്ചുകൾ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ;

(ഡി) പറവൂർ സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ പുതിയ ഒരു സയൻസ് ബാച്ച് അനുവദിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ; എങ്കിൽ അത് അനുവദിക്കുമോ?

ഉത്തരം

(എ) ഈ അദ്ധ്യയന വർഷം സംസ്ഥാനത്ത് പുതുതായി പ്ലസ് ടു സ്കൂളുകൾ അനുവദിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) എറണാകുളം ജില്ലയിൽ 55 സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് നിലവിലുണ്ട്. ഇവിടെയെല്ലായിടവും കൂടി 9250 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കും. പുതുതായി ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(ഡി) ഉണ്ട്. പരിഗണിക്കുന്നതാണ്.

60 (2438) പ്ലസ് ടു നിയമനം

ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly